


# ആന്തരിക അന്ധത പെരുകുമ്പോൾ

**നിയമാ. 5:6 – 16; ഏശയ്യാ 5:1 – 7; 2 കോറി. 7:1 – 11; യോഹ. 9:1 – 12; 35 – 38** (Vol. 10, Issue 07)

**ബ്ര. ഷിജോൺ ജോസഫ് MCBS**

ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രേഷിതപ്രവർത്തനം വഴി വിശ്വാസത്തിന്റെ ഫലങ്ങളാൽ സമ്പന്നമായ സഭാവൃക്ഷത്തെ സ്മരിച്ചു കൊണ്ട് നാം ഇന്ന് കൈത്താക്കാലം മൂന്നാമത്തെ ആഴ്ചയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈശോ ലോകത്തിന്റെ പ്രകാശമാണെന്ന സത്യത്തിലേയ്ക്ക് നമ്മെ നയിക്കുന്നതാണ് ഇന്നത്തെ വചനഭാഗം. പിറവിയാൽ തന്നെ അന്ധനായ യാചകന്റെ കണ്ണുകൾ ഈശോ തുറക്കുന്ന അത്ഭുതം. വി. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പരാമർശിക്കപ്പെടുന്ന ഒരു സംഭവമാണ് ഈ അത്ഭുതം.

ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മടിച്ചുകൊണ്ട് സ്വന്തം കണ്ണുകളടച്ച് ഇരുട്ടിന്റെ മറ തേടി ജീവിക്കുന്നവരുടെ ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഈയൊരു ജീവിതശൈലിയുടെ സ്വാധീനം ചിലപ്പോഴൊക്കെ നമ്മുടെ ജീവിതത്തിലും പ്രകടമാണ്. ഇവിടെ അന്ധരുടെ ജീവിതത്തിലെ ചില നേട്ടങ്ങളെക്കുറിച്ച് അന്ധയായ ഹെലൻ കെല്ലർ പറഞ്ഞ ഫലിതചിന്ത ശ്രദ്ധേയമാണ്:

“അന്ധർക്ക് കണ്ണടയ്ക്കാതെ ഉറങ്ങാൻ സാധിക്കുമെന്നതിനാൽ ഏതൊരു തിരക്കിനിടയിലും ഉറങ്ങാൻ കഴിയും. ലോകത്തിലെ തിന്മ കണ്ട് വഴിതെറ്റേണ്ട ഗതികേട് അവർക്കില്ല. തന്നോട് സംവദിക്കുന്ന ആരെയും ഭൂമിയിലെ ഏറ്റവും സൗന്ദര്യമുള്ള വ്യക്തിയായി കരുതാൻ അന്ധർക്കു മാത്രമേ കഴിയൂ.”

ഹെലൻ കെല്ലറുടെ അഭിപ്രായത്തിൽ ഈ ലോകവും പരലോകവും തമ്മിലുള്ള അന്തരം ഏറ്റവുമധികം അനുഭവിക്കാനാകുന്നത് അന്ധർക്കാണത്രേ. അന്ധർക്ക് അർഹമായ സ്ഥാനം നൽകുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. വാഹനങ്ങളിലും മറ്റിടങ്ങളിലുമെല്ലാം പ്രത്യേക പരിഗണന അവർക്ക് നാം നൽകുന്നുണ്ട്. എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമായ ഒരു കാലഘട്ടമായിരുന്നു ഈശോയുടേത്. യഹൂദർക്കിടയിൽ കാഴ്ചയില്ലാത്തവരെ പാപികളും പൂർവ്വീകരുടെ പാപം പേറുന്നവരുമായിട്ടാണ് കണ്ടിരുന്നത്.

ഇന്നത്തെ വചനത്തിലേയ്ക്ക് കടന്നുവരുമ്പോൾ രണ്ടുതരം അന്ധതയെക്കുറിച്ചാണ് വചനം സാക്ഷിക്കുന്നത്.

1. ബാഹ്യമായ കാഴ്ചയില്ലാത്ത യാചകന്റെ അന്ധത

2. ആന്തരീക കാഴ്ചയില്ലാത്ത ശിഷ്യരുടെയും ഫരിസേയരുടെയും അന്ധത.

ബാഹ്യനേത്രങ്ങൾക്ക് അന്ധത ബാധിച്ച യാചകൻ. അവൻ എന്നും മറ്റുള്ളവരുടെ സംസാരവിഷയമായിരുന്നു. അതിനാൽ തന്നെയാണ് ശിഷ്യർ ഈശോയോട് ചോദിക്കുന്നത്: ഇവൻ അന്ധനായത് ആരുടെ പാപം നിമിത്തമാണ്..? കാരണം, ഇസ്രായേൽ സമൂഹത്തിൽ മാതാപിതാക്കളുടെ പാപം മക്കൾ പേറണം എന്നതിന് ഒരു സാമൂഹികപശ്ചാത്തലം ഉണ്ടായിരുന്നത്രെ. മധ്യപൂർവ്വദേശത്ത് അന്ധതയ്ക്ക് കാരണമായത് ലൈംഗീകരോഗമായ ഗൊണോറിയ ആയിരുന്നു.

മോശമായ ജീവിതം നയിച്ചിരുന്ന അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഈ രോഗത്തിന്റെ ഫലമായി കാഴ്ച്ചശക്തി ജന്മനാ തന്നെ ഇല്ലായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നുണ്ട്. ഒരുപക്ഷേ, ഈയൊരു കാരണമാകാം ശിഷ്യന്മാരെ ഈ ചോദ്യത്തിലേയ്ക്ക് നയിച്ചത്. എന്നാൽ, ഈശോ ഇവിടെ അവർക്ക് നൽകുന്ന ഉത്തരം ദൈവപ്രവൃത്തികളുടെ രഹസ്യങ്ങളെ കുറിച്ചാണ്. വഴിയരികിലെ കുരുടന്റെ പ്രശ്നം പാപമല്ല. മറിച്ച്, ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാക്കാനുള്ള അവസരമാണെന്നാണ് ഈശോ പറയുന്നത്.

വഴിയരികിലെ യാചകന് തന്റെ അന്ധത നിമിത്തം പ്രകാശമായ ഈശോയെ കാണുവനായിട്ട് സാധി ക്കുന്നില്ല. തന്റെ അന്ധത മൂലം മനുഷ്യൻ ദൈവത്തെ കാണാതെ പോകുമ്പോഴും ദൈവം മനുഷ്യനെ കാണുന്നു, കണ്ടുകൊണ്ടിരിക്കുന്നു എന്ന സത്യത്തിലേയ്ക്കാണ് വചനം വിരൽചൂണ്ടുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജീവിതയാഥാർത്ഥ്യങ്ങളെ വേറൊരു വീക്ഷണത്തിലൂടെ ഈശോ ശിഷ്യന്മാർക്ക് കാണിച്ചുകൊടുക്കുകയാണ് ഇവിടെ. ജീവിതത്തിലെ പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും പ്രതി വിലപിക്കുകയല്ല, നേരെമറിച്ച് അവയിലെ ദൈവഹിതം എന്താണെന്ന് തിരിച്ചറിയാൻ ശ്രമിക്കുകയാണ് വേണ്ടത്. എന്തുകൊണ്ട് എന്നല്ല, എന്തിനുവേണ്ടി എന്ന ചോദ്യത്തിലേയ്ക്കാണ് ഈ സഹനങ്ങളും ജീവിതപ്രശ്നങ്ങളും നമ്മെ നയിക്കേണ്ടത് എന്നതാണ് സാരാംശം.

അനുസരണമായിരുന്നു അന്ധന്റെ കണ്ണുകൾ തുറക്കപ്പെടുന്നതിലെ പ്രധാന സവിശേഷത. യേശു ചെളിയുണ്ടാക്കി അവന്റെ കണ്ണിൽ തൊട്ട് സീലോഹാ കുളത്തിൽ പോയി കഴുകാൻ പറഞ്ഞപ്പോൾ അവനത് അനുസരിച്ചു. അത് അവന്റെ ബാഹ്യനേത്രങ്ങളുടെ തുറവിക്ക് കാരണമായി. ദൈവം, തന്റെ ജനം അനുസരിക്കുന്നതിനായി നൽകിയ പത്ത് കൽപനകളെക്കുറിച്ചാണ് ഇന്നത്തെ ആദ്യവായനയിൽ നിയമാവർത്തന പുസ്തകം 5:6-16-ൽ നാം കണ്ടത്. എന്നാൽ, ദൈവകൽപനകളിൽ നിന്നും വ്യതിചലിച്ച അവർ അന്ധതയ്ക്ക് തങ്ങളെത്തന്നെ വിട്ടുകൊടുത്തു. അതിന്റെ തുടർച്ചയെന്നോണം, താൻ പ്രതീക്ഷിച്ച അവരുടെ അനുസരണക്കേട് നിമിത്തം ലഭിക്കാതായപ്പോൾ ദൈവം അവരെ അടിമത്വത്തിലേയ്ക്ക് വിട്ടുകൊടുക്കുന്ന ഭാഗമാണ് ഏശയ്യാ 5: 1-7-ൽ നാം വായിച്ചുകേട്ടത്. ഇസ്രായേൽ ജനം അനുസരണക്കേട് കാട്ടിയപ്പോൾ അവരുടെ കണ്ണുകൾ അന്ധമായി. എന്നാൽ, മിശിഹായെ അനുസരിച്ച കുരുടന്റെ കണ്ണുകളാകട്ടെ, തുറക്കപ്പെട്ടു. ഇന്നത്തെ തലമുറയിലെ ക്രിസ്തുശിഷ്യരെന്ന് അഭിമാനിക്കുന്ന നാമും ദൈവികപദ്ധതികൾ അനുസരിക്കാൻ തയ്യാറാകണം.

രണ്ടാമത്തെ അന്ധത ബാധിച്ചവരാണ് ബാഹ്യകാഴ്ച ഉണ്ടായിട്ടും ആന്തരിക കാഴ്ച്ച ലഭിക്കാതെ പോയ ഫരിസേയരും ശിഷ്യരും. അറിഞ്ഞതും അനുഭവിച്ചതുമായ സത്യത്തെ, അഹന്ത മൂലം തിരസ്കരിച്ച അന്ധതയാണ് യഹൂദപ്രമാണികളെ നയിച്ചത്. ഇവർക്ക് നന്മയെ തിന്മയായും, തിന്മയെ നന്മയായും മാത്രമേ കാണുവാനായിട്ട് കഴിയുന്നുള്ളൂ. അതിനാലാകണം അന്ധതയുടെ കാരണം തേടി അവർ കുരുടന്റെ മാതാപിതാക്കളുടെ പാപത്തിന്റെ പിന്നാലെ പോകുന്നത്.

സഹനം എന്നത് ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകുന്ന അനുഭവമാണ് എന്ന വസ്തുത തിരിച്ചറിയാൻ ഇവർക്ക് സാധിക്കാതെ വരുന്നു. സഹനത്തിൽ ദൈവത്തെ പഴിപറഞ്ഞും സ്വയം ശപിച്ചും മറ്റുള്ളവരെ കുറ്റപ്പെടുത്തിയും ജീവിതം തള്ളിനീക്കുമ്പോൾ സ്വയം അന്ധരായി നാമും തീർന്നുകൊണ്ടിരിക്കുകയാണ്.

പ്രകാശത്തിന്റെ പാതയിൽ വളരാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവനും. ക്രിസ്തുവെന്ന പ്രകാശത്തിലേയ്ക്ക് നോക്കി ജീവിതം പടുത്തുയർത്താൻ വിളിക്കപ്പെട്ടവർ. ബാഹ്യമായ നേത്രങ്ങളിലൂടെ പലതും കാണുന്നുണ്ടെങ്കിലും, കാണാത്തവ കാണുന്നവരായി പലപ്പോഴും നാം മാറിപ്പോകാറില്ലേ എന്ന് നമുക്കൊന്ന് ചിന്തിച്ചുനോക്കാം. ഇവിടെയാണ് നമ്മുടെ ഉൾക്കണ്ണ് തുറക്കേണ്ടതിന്റെ ആവശ്യകത. ഉൾക്കണ്ണ് പ്രകാശപൂരിതമാണെങ്കിൽ അതിന്റെ പ്രതിഫലനം നമ്മുടെ ബാഹ്യനേത്രങ്ങളിലും പ്രകടമാകും. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളും സഹനങ്ങളും ദൈവമഹത്വം പ്രകടമാക്കുന്ന വഴികളായി കാണുവാനും അവയെ സന്തോഷപൂർവ്വം സ്വീകരിക്കുവാനും സാധിക്കും. ബാഹ്യാന്ധത ദൈവീക പദ്ധതിയുടെ ഭാഗമാണെങ്കിൽ ആന്തരീകാന്ധത നാം തന്നെ നമ്മുടെ നന്മയെ മൂടിവയ്ക്കുന്ന അവസ്ഥയാണ്. അതിനാൽ നമ്മുടെ ഉൾക്കണ്ണ് തുറക്കേണ്ടത് നമ്മുടെ തന്നെ കടമയാണ്. യേശു ലോകത്തിന്റെ പ്രകാശമാകയാൽ യേശുവിലായിരിക്കുന്നവർക്ക് അന്ധതയില്ല. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഉൾക്കണ്ണ് തുറന്നവരായി നമുക്കും മാറാം. നിത്യപ്രകാശമായ മിശിഹായെ ദർശിക്കാം.

നിത്യപ്രകാശമായ ഈശോ നമ്മെ തേടിവരുന്ന മഹാരഹസ്യമാണ് വിശുദ്ധ കുർബാന. നമ്മുടെ ഹൃദയാന്ധത മാറ്റി പ്രകാശപൂർണ്ണമാക്കാൻ കടന്നുവരുന്ന സമയം. അതിനാൽ മിശിഹാരഹസ്യമായ വിശുദ്ധ കുർബാനയ്ക്കെതിരെ കണ്ണുകളടച്ച് അന്ധരാകാതെ, ദൈവഹിതം തിരിച്ചറിയുന്ന കാഴ്ച്ചയുള്ളവരായി നമുക്ക് മാറാം. കുർബാന കണ്ട് കടന്നുപോകുന്നവരാകാതെ കുർബാനയിൽ പങ്കുകൊള്ളുന്നവരാകാം. അതിനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം. നല്ല ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.